KDFWF/H/431/2017

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
തിരുവനന്തപുരം, തീയതി : 08.02.2017

# സർക്കുലർ 01/2017

**വിഷയം :-** കേരള ക്ഷീരകർഷക ക്ഷേമനിധി - ക്ഷീരജാലകം സോഫ്റ്റ് വെയർ യൂസർനെയിം, പാസ്സ്‌വേർഡ് എന്നിവയുടെ കൈകാര്യം സംബന്ധിച്ച്.

വിവിധ തലങ്ങളിലെ ജീവനക്കാർക്ക് ക്ഷീരജാലകം സോഫ്റ്റ്‌വെയറിൽ പ്രവേശിക്കുന്നതിന് ക്ഷേമനിധിയിൽ നിന്നും യൂസർനെയിം, പാസ്സ്‌വേർഡ് എന്നിവ അനുവദിച്ചിട്ടുണ്ട്. ക്ഷീര ജാലകം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഒരു പ്രവൃത്തി ആരാണ് ചെയ്തത് എന്ന് സിസ്റ്റം മനസ്സിലാക്കുന്നതും ആ പ്രവൃത്തിക്ക് അയാൾ ഉത്തരവാദിയായി മാറുന്നതും തന്റെ യൂസർനെയിമിന്റെ അടിസ്ഥാനത്തിലാണ്. ആയതിനാൽ ഓരോ ജീവനക്കാരനും തന്റെ യൂസർ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ടത് തന്റെ പ്രവർത്തനത്തിലെ സുരക്ഷയ്ക്ക് അത്യാവശ്യമാണ്. എന്നാൽ ചില ജീവനക്കാരുടെ ഭാഗത്തു നിന്നും ഈ വിഷയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഗുരുതരമായ വീഴ്ചകൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷീരവികസന ഓഫീസറുടെ യൂസർ വിവരങ്ങൾ ക്ഷീരസംഘങ്ങൾ, ഇന്റർനെറ്റ് കഫേ തുടങ്ങിയവർക്കു നൽകുക, ട്രാൻസ്ഫർ ആയി പോകുമ്പോഴും അക്കൗണ്ട് ക്ലോസ്സ് ചെയ്യാതെ പിന്നീട് വരുന്ന ജീവനക്കാരന് ആയത് ഉപയോഗിക്കാൻ നൽകുക എന്നിവ തീർച്ചയായും ഒഴിവാക്കേണ്ടതാണ്.

ഈ സാഹചര്യത്തിൽ യൂസർ നെയിം, പാസ്സ് വേർഡ് എന്നിവയുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ ജീവനക്കാർക്കു ഉണ്ടാകാതിരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1) ജീവനക്കാർ തങ്ങളുടെ യൂസർ നെയിം, പാസ്സ് വേർഡ് എന്നിവ ഒരു കാരണവശാലും മറ്റുള്ളവരുമായി പങ്ക് വയ്ക്കരുത്.

2) ഓഫീസിലെ മറ്റ് ജീവനക്കാർക്ക് പ്രത്യേകം യൂസർനെയിം അനുവദിച്ചു നൽകുക.

3) ട്രാൻസ്ഫർ ആകുന്ന വേളയിൽ തന്റെ 'MY WORK', 'OUTBOX' എന്നിവ clear ചെയ്ത് അക്കൗണ്ട് ക്ലോസ്സ് ചെയ്യുക. ഇവിടങ്ങളിൽ അപേക്ഷകൾ ഉള്ളപക്ഷം Administration tab- ൽ ഉള്ള work re-allotment option ഉപയോഗിച്ച് ഓഫീസിലെ മറ്റൊരു ജീവനക്കാരനു അലോട്ട് ചെയ്തതിനുശേഷം അക്കൗണ്ട് ക്ലോസ്സ് ചെയ്യുക.

4) പുതിയ ഓഫീസിൽ ചാർജ്ജ് എടുത്ത ഉടൻ തന്നെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് പുതിയ യൂസർ നെയിം, പാസ്സ്‌വേർഡ് എന്നിവ വാങ്ങുക.

ക്ഷീരജാലകം സോഫ്റ്റ് വെയറിൽ ചെയ്യപ്പെടുന്ന എല്ലാ പ്രവർത്തികളുടെയും ഉത്തരവാദിത്വം യൂസർനെയിം അടിസ്ഥാനത്തിലാണ് സംഭരിച്ചുവയ്ക്കുന്നത്. ആയതിനാൽ യൂസർ നെയിം, പാസ്സ് വേർഡ് എന്നിവ സൂക്ഷിച്ചുവയ്ക്കുന്നതിന്റെയും കൈമാറ്റം ചെയ്യാതിരിക്കുന്നതിന്റേയും പ്രസക്തി വീണ്ടും ഓർമ്മിപ്പിക്കുന്നു.

OFFICE OF THE EXECUTIVE OFFICER
Thiruvananthapuram
Date ..........................
KERALA DAIRY FARMERS WELFARE FUND

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

**പകർപ്പ് :-**
1. ചെയർമാൻ, കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്
2. ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
3 ഡെപ്യൂട്ടി ഡയറക്ടർ എക്സ്റ്റൻഷൻ/സ്റ്റേറ്റ് നോഡൽ ഓഫീസർ, KDFWF
4. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ
5. എല്ലാ ജില്ല നോഡൽ ഓഫീസർമാർ
6. എല്ലാ ക്ഷീരവികസന ഓഫീസർമാർ/ ഡെയറി ഫാം ഇൻസ്ട്രക്ടർമാർ
7. സഞ്ചയം/ശേഖര സഞ്ചയം